# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഓഗസ്റ്റ് 7**

---

## കെമിക്കൽ സയൻസ് ദേശീയ സെമിനാർ

*കെമിക്കൽ സയൻസിലെ സമീപകാല മുന്നേറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്ന ത്രിദിന ദേശീയ സെമിനാർ ഓഗസ്റ്റ് 21 മുതൽ 23 വരെ മഹാത്മാ ഗാന്ധി സർവകലാശാലയിലെ സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ നടക്കും. രാജ്യത്തെ പ്രമുഖ ശാസ്ത്രജ്ഞർ പങ്കെടുക്കും. സംസ്ഥാനത്തും പുറത്തുമുള്ള വിദ്യാർഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും രജിസ്റ്റർ ചെയ്യാം. ഫോൺ-9961958421, വെബ്സൈറ്റ്-*https://scs.mgu.ac.in/racs-2025/

*(പി.ആർ.ഒ/39/1923/2025)*

## എം.ജി സർവകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ചു

*മഹാത്മാ ഗാന്ധി സർവകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ച് ഉത്തരവായി. തെരഞ്ഞെടുപ്പ് വിജ്ഞാപനം ഓഗസ്റ്റ് 11നും ജനറൽ കൗൺസിൽ അംഗങ്ങളുടെ വിവരങ്ങൾ അടങ്ങിയ പ്രാഥമിക വോട്ടർ പട്ടിക 12നും സർവകലാശാലയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും.*

*(പി.ആർ.ഒ/39/1924/2025)*

## സുരക്ഷാ ജീവനക്കാർ, അപേക്ഷിക്കാം

*മഹാത്മാഗാന്ധി സർവകലാശാലയിൽ സുരക്ഷാ ജീവനക്കാരുടെ തസ്തികയിൽ താത്കാലിക നിയമനത്തിന് ഓഗസ്റ്റ് 20 വരെ അപേക്ഷിക്കാം. വിവരങ്ങൾ വൈബ്സൈറ്റിൽ.*

*(പി.ആർ.ഒ/39/1925/2025)*

## അപ്രന്റിസ്ഷിപ്പ്

*മഹാത്മാ ഗാന്ധി സർവകലാശാലയുടെ എംപ്ലോയീസ് ഇൻഫർമേഷൻ ഗൈഡൻസ് ബ്യൂറോയിലെ മോഡൽ കരിയർ സെന്ററിന്റെ ആഭിമുഖ്യത്തിൽ പ്രമുഖ ടയർ നിർമാണ കമ്പനിയിലേക്ക് അപ്രന്റിസുകളെ തിരഞ്ഞെടുക്കുന്നതിനായി ഓൺലൈൻ അഭിമുഖം നടത്തുന്നു.*

*എട്ടാം ക്ലാസ് മുതൽ ഡിഗ്രിവരെ വിവിധ യോഗ്യതകളുള്ള, പുരുഷൻമാർക്കാണ് അവസരം. പ്രായം 18 മുതൽ 35 വരെ. താത്പര്യമുള്ളവർ ഓഗസ്റ്റ് 16ന് മുൻപ്* bit.ly/MCCKTM3 *എന്ന ലിങ്കിൽ രജിസ്റ്റർ ചെയ്യണം. ഫോൺ-04812731025, 9495628626*

*(പി.ആർ.ഒ/39/1926/2025)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ പിജിസിഎസ്എസ് എം.എസ്സി സ്റ്റാറ്റിസ്റ്റിക്സ് (2023 അഡ്മിഷൻ റഗുലർ സ്പെഷ്യൽ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 21 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ* studentportal.mgu.ac.in *എന്ന ലിങ്കിൽ.*

………..

*മൂന്നാം സെമസ്റ്റർ മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് (2023 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീ അപ്പിയറൻസ് ഏപ്രിൽ 2025) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ഓഗസ്റ്റ് 21 വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഒ/39/1927/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**